ഏതായാലും ആ വാദമുഖങ്ങളെ ഖണ്ഡിക്കുവാനൊ നിരുപണം ചെയ്യുവാനൊ വേണ്ടി ഈ സ്ഥലം ഉപയോഗിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലാ ഞാൻ എഴുന്നേറ്റിട്ടുള്ളത്. (*Hear, hear*). ഈ പ്രമേയത്തിനു എതിരായി സംസാരിച്ച മെംബർമാർ എല്ലാവരും ഒരു സംഗതിയെപ്പറ്റി വളരെ ശക്തിയായി വാദിച്ചു. അതായത് സവർണ്ണഹിന്തുക്കളുടെ സെൻറിമെൻറ് (sentiment) അവരുടെ ഇംഗിതങ്ങളെ ഗവമ്മെണ്ട് ബഹുമാനിക്കണ്ടേ? അതെ, ഗവമ്മെണ്ട് ബഹുമാനിക്കണം എന്നുവെക്കുക. ഗവമ്മെണ്ടുഅവരുടെ ഗ്രഥഇംഗിതങ്ങളെ അവഗണിച്ചുകൊണ്ട് ഒരു കല്പന മൂലം അവക്ക് ഹിതമല്ലാത്ത എന്തെങ്കിലും പ്രവൃത്തിക്കുന്നത് പാടില്ലെന്നാണ് സെൻറിമെൻറുകാരുടെ വാദം. ഈ സംഗതിയെപ്പറ്റി ആലോചിക്കുക. കൊച്ചി രാജ്യത്തു് ക്രസ്ത്യാനികളെ ഒരു ശതമാനം മാത്രം വരുന്ന സവർണ്ണഹിന്തുക്കളുടെ വിചാരങ്ങളെ ഗവമ്മെണ്ട് ബഹുമാനിച്ചുകൊണ്ട് മറുള്ള ഭൂരിപക്ഷം ജനങ്ങളുടെ ആത്മാഭിമാനത്തെ ചവുട്ടിത്തേക്കണമെന്നു പറയുന്നതിൽ വല്ല ന്യായവും ഉണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്? ഏറ്റവും ചുരുങ്ങിയ സവർണ്ണഹിന്തുക്കളുടെ ആശയങ്ങളെ ബഹുമാനിച്ചുകൊണ്ടു അവരേക്കാൾ എത്രയോ അധികമായ ഈഴ ശതമാനം വരുന്ന അവർണ്ണരുടെ ആത്മാഭിമാനത്തെ അപമാനിച്ച് ചവുട്ടിത്തേക്കുന്നത് ഇനിമേൽ ഏതൊരു ഗവമ്മെണ്ടിനും ആപൽക്കരമായിരിക്കുമെന്നു് മനസ്സിലാക്കേണ്ടകാലം വൈകിയിരിക്കുന്നു. സവർണ്ണഹിന്തുക്കളുടെ ആശയത്തെ ബഹുമാനിക്കുന്ന ഗവമ്മെണ്ട് അവരേക്കാൾ എത്രയോ അധികരിച്ച് ഈ രാജ്യനിവാസികളുടെ ആത്മാഭിമാനത്തെ ബഹുമാനിക്കേണ്ടതില്ലയൊ? കുളം, കിണറു് തൊട്ടുകൂടാ, അതിലെ വെള്ളം ഉപയോഗിച്ചുകൂടാ, കുളിച്ചാൽ അശുദ്ധിയുണ്ടാകും, എന്നു് ജനങ്ങളെ പരോക്ഷമായി അപമാനിക്കുന്നതു് ഭയങ്കരമായ അനീതിയാണ്.

റാവുസാഹിബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഗവമ്മെണ്ട് അങ്ങിനെ പറഞ്ഞില്ലല്ലൊ.

മിസ്റ്റർ എം. കെ. രാമൻ.—രാജ്യത്തു് ഈവിധം അനീതികരം നടക്കുന്നുണ്ടെന്നു് ഗവമ്മെണ്ടു് സൂക്ഷ്മമായിസമ്മതിച്ചിട്ടുണ്ട്. എല്ലാ ജാതിക്കാർക്കുമായി അവ തുറന്നുകൊടുക്കുന്ന വിഷയത്തിൽ ഗവമ്മെണ്ടിനു വലുതായ ചുമതല ഉണ്ട്. ഗവമ്മെണ്ട് അങ്ങിനെ പ്രവൃത്തിക്കരുതു്. പ്രവൃത്തിച്ചാൽ വലിയ ബഹളമുണ്ടാകും എന്നു് എന്റെ മാന്യസ്നേഹിതൻ വെള്ളാരപ്പള്ളി മെംബർ ഗവമ്മെണ്ടിനെ ഭയപ്പെടുത്തുകയുണ്ടായി. ഇമ്മാതിരി പ്രവൃത്തികൾ തി

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂർ ഗവമ്മെണ്ടു് പ്രവൃത്തിച്ചില്ലെ? എന്തെല്ലാം ബഹളം ഉണ്ടായി? തിരുവിതാംകൂർ ഗവമ്മെണ്ടു് ക്ഷേത്രങ്ങളിൽ അസഭ്യം പാടരുതെന്നും ജന്തുബലി പാടില്ലെന്നും ഒരു കല്പനകൊണ്ടു് നിറുത്തിയില്ലേ? അവിടെ ആകാശം പൊളിഞ്ഞു വീണില്ല. കല്പന ഉണ്ടാക്കുന്നതിനു മുമ്പിൽ എതിത്തുകൊണ്ടവരുന്ന പ്രമണികളിൽ ഒരാൾ പോലും കല്പനയെ എതിക്കുവാൻ ഉണ്ടായില്ല. അവിടത്തെ ഗവമ്മെണ്ടു കാലത്തിനനുസരിച്ചു പോകുവാൻ ശ്രമിക്കുന്ന ഗവമ്മെണ്ടാണു്. ഗവമ്മെണ്ടിന്റെ ഒറ്റ ഒരു കല്പന കൊണ്ടു നാട്ടിലെ അനീതികളം നിറുത്തുവാൻ സാധിച്ചു. എപ്പോഴും ഗവമ്മെണ്ടു് ആളുകളുടെ ഗതിയെ പിന്തുടരണം. ആളുകൾ പുരോഗമനം ചെയ്യുന്ന കാലത്തു് ഗവമ്മെണ്ടു പുറകോട്ടു പോകുന്നതായാൽ ഗവമ്മെണ്ടു് അറിയാതെ വലിയ വൈഷമ്മ്യത്തിൽ കൂടുങ്ങിപ്പോകും. ഈ പ്രമേയം ഈ സഭയിൽ യോജിച്ചു പാസ്സാക്കാതിരിക്കുകയാണെങ്കിൽ സഭക്കു് ആകപ്പാടെയും സഭയിൽ വന്നിട്ടുള്ള മാന്യ മെമ്പറന്മാർക്കു പ്രത്യേകമായും വലിയ അപമാനമായിത്തീരുമെന്നു് ഞാൻ എല്ലാവരേയും ഉൽബോധിപ്പിക്കുന്നു. ഈ സഭയിൽ മെമ്പർമാരുടെ ആശയവിശാലതയെ പ്രകാശിപ്പിക്കുന്നതിനു് സന്ദർഭം നൽകുന്നതായ ഒരു പ്രമേയം ഇതുപോലെ ഇതിനു മുമ്പു് വന്നിട്ടുണ്ടൊ എന്നുകൂടി സംശയമാണു്. അതിനാൽ നമ്മിൽ ഓരോരുത്തരുടേയും ഹൃദയ വിശാലതയെ സൂക്ഷ്മമായി കാണിക്കുവാൻ മാന്യ സാമാജികന്മാരെ! ഈ പ്രമേയം നിങ്ങൾക്കു് ഇതാ അവസരം നല്കിയിരിക്കുന്നു.

The House rose for lunch at 2-3 p. m. and met again at 3 p. m. with the Deputy President in the Chair.

Deputy President.—We shall proceed with the discussion.

Mr. T. A. Ramachandra Ayyar.—Sir, I rise to oppose the resolution. The Government is like a family consisting of so many members managed by a guardian. If one of the members wants to adopt European method and another wants to follow a very orthodox method, and if the guardian or father does not allow each one to follow his own methods, what will be the result? Suppose one wants to live in a separate house. If he is not allowed to do that, there will be quarrels and partition. Similarly, it is certainly the duty of every Government to respect the sentimental feelings of every section of the public. Otherwise smooth administration will be impossible. A demand for a free use of the King's highways is a thing which I can well understand. But I cannot understand why a demand for using the same tank by every section of the public should be made. My customs are different from yours. My religion is different from yours, and why should not Government give me

LIBRARY ARCHIVES Kerala Legislative Assembly

as well as you every facility to follow our respective customs and observe our respective religions in the way we desire? Let every section of the public make a demand for separate tanks, wells, etc., but it is unwise and unnecessary to ask for common tanks and common wells. I am afraid, if you begin with common wells and common tanks, the time will not be far distant when a cry for every poor man for a common house will also be made.

Now, Sir, it is well-known that there is not a single Government, either in the Native States or in British India, which observes the rule of communal representation in its High Court. Now, when an attempt was made to remove this pernicious principle that Christians should be perpetually allowed to hold a seat in the Chief Court Bench, the Christians raised a hue and cry. The reason assigned by them is that it is a special privilege they enjoyed for a long time and they would fight to retain it with all the power and influence they possess. Comment is unnecessary.

Mr. V. K. Aravindaksha Menon.--Sir, it is unfortunate that we in Cochin are divided into many castes in the different creeds. (*Hear, hear.*) The origin of such differences is not accurately known. It may be the result of differences in races of which we are composed, or the existence of slavery, or the arrogant dominance of victorious invaders. The fact remains that we are still divided into various castes, we who owe allegiance to the same rulers and whose destinies are bound by the same chain.

The different classes among ourselves have almost everything different. Legal rights among communities are different, mode of dress is different, dialects in speech are different, food is different.

In spite of years of progress in other countries, we still continue to nurse our primitive and old ideas of such differences, which make us look like infants in the eyes of the world. (*Hear, hear.*)

The unchanging East, Sir, if you please! (*Hear, hear.*)

So we ought to make a forward leap, cast away these differences and be able to share our joys and sorrows as members of one family. (*Hear, hear.*)

Have the Government been inattentive to this question? The social progress which we have made within the last ten years will show that, with the spread of education, the younger generation of Cochin has entirely turned over a new leaf. Boys and girls of all castes and creeds sit side by side in schools, walk abreast on roads, live together in hostels, and they do not feel any distinction until they go to their homes where there are

LIBRARY ARCHIVES Kerala Legislative Assembly

their old *karnavans* or grand mothers. These people of the older generation, who have seen 'better days,' cherish certain scruples which were widely permitted in their best days. Times have changed, but unfortunately these men could not do so. As it is only logical to suppose that some of us may, in our turn, later look on with disfavour probably the appearance of short skirts, mixed education or social dances. (*Hear, hear.*) And our young people who do not themselves practise such distinctions, naturally do not wish to offend their old fathers and mothers who are so dear to them and who love them so dearly. (*Hear, hear.*) That can be the only reason why some of the Members opposed this resolution yesterday and to-day. This is the reason why I oppose it myself now.

In my own case, I am not permitted in some of the temples or bathe in some of the tanks in Travancore because I have gone to foreign countries. I do not feel sore about it, and would not feel sore, if such a restriction is imposed in Cochin, for I know that I am as good as anybody else, and I consider such interdicts only as an expression of ignorance and superstition of a certain class of people, which will soon pass away. (*Hear, hear.*)

It is, therefore, with a spirit of tolerance that I will approach this question.

In the water distribution in Ernakulam and Nemmara we have as many as 200 public hydrants and all of them without a single exception are open to all classes. I looked with pride and pleasure at the tolerance of a young Brahmin gentleman in Nemmara waiting patiently with a pot in his hand for an Ezhuva to fill his vessel with water from one of the public hydrants. Could anything be more suggestive of the rapid progress we are making? Why then should we worry about a few old, dilapidated wells and tanks and cause real pain to our own old cousins and relatives?

In Mattancheri the Council has, I understand, gone a step further which we all should protest. They have reserved some hydrants for the use of women alone. (*Hear, hear, and laughter.*) We, mere men, surely have equal rights. (*Hear, hear.*)

മിസ്റ്റർ എ. എസ്സ്. ഹരിഹരയ്യർ.—മൂന്നു കുളം, കിണർ മുതലായതു് എല്ലാവർക്കും തൊട്ടുകൂടാ എന്നു് നിയമം വച്ചിട്ടുള്ളതിനു് കാരണങ്ങൾ എന്തെങ്കിലും ഉണ്ടാകാതിരിക്കയില്ല. പൂർവ്വികർ എല്ലാവർക്കും കുളിക്കാമായിരുന്നു. സമുദ്രവും എല്ലാവർക്കും ഉപയോഗിക്കാം. ആ സ്ഥിതിക്കു് കുളവും, കിണറും മാത്രം ചിലരുടെ സ്വാതന്ത്ര്യത്തിൽ നിന്നും തൊട്ടുവയ്ക്കുന്നതിനു് അന്നു കുളം, കിണറ മുതലായവ ഉണ്ടാക്കിയവരുടെ മനസ്സിൽ എന്തെങ്കിലും ഉദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

രം ഉണ്ടായിരുന്നിരിക്കണം. കുളം, കിണറ ഉണ്ടാക്കിയവർ ധർമ്മ മായിട്ടാണ് ഉണ്ടാക്കിയത്. അവരവരുടെ സ്വന്ത ജാതി ആവ ശ്യത്തിനു ഒരു സെറ്റം മറ്റുള്ളവക്കും ധർമ്മമായി മറ്റൊരു സെ റ്റും ഉണ്ടാക്കികൊടുത്തു. രാജ്യത്തിൽ ഇന്ന് കാണുന്ന കുളങ്ങളും കിണറുകളും പണ്ടു ധർമ്മമായി ഉണ്ടാക്കിയതല്ലാതെ സർക്കാർ പണം ചിലവാക്കി ഉണ്ടാക്കിയത് അധികം ഉണ്ടൊ എന്നു സംശയമാണ്. ആദ്യം ഉണ്ടാക്കിയ ആളുകൾ ധർമ്മമായി ഉണ്ടാക്കുകയും ഉപയോ ഗിക്കുകയും ചെയ്തു. പിന്നെ അവരുടെ പിന്തുടർച്ചാവകാശികൾ അവകളെ നന്നാക്കിയില്ല. അതുകൊണ്ട് ജനങ്ങളുടെ അപേക്ഷ അനുസരിച്ചു അതു രാജ്യവാസികൾക്ക് ആവശ്യമാണെന്ന് ഗവ മ്മേണ്ടിനു തന്നെ തോന്നിയിട്ടൊ പില്ക്കാലത്തു ഗവമ്മെണ്ടു് ന ന്നാക്കി കൊടുക്കാമെന്നു വെച്ചു. ഗവമ്മെണ്ടു നന്നാക്കി നന്നാ ക്കി വന്ന് ഒടുവിൽ ഗവമ്മെണ്ടു് വക എന്നു പറഞ്ഞു തുടങ്ങി. എ ന്നല്ലാതെ പഴയ റിക്കാട്ടുകൾ ഇടുരുപ്പ പരിശോധിച്ചു നോക്കിയാൽ കുളങ്ങളും, കിണറുകളും ഗവമ്മെണ്ടു് കഴിച്ചതല്ലെന്നു കാണാം. എല്ലാം അല്ല. സാമാന്യം മിക്ക കുളങ്ങളും കിണറുകളും അതുപ്ര കാരം പണ്ടു ആരൊ ഉണ്ടാക്കി പില്ക്കാലത്തു ഗവമ്മെണ്ടു് നന്നാ ക്കി വന്ന കുളങ്ങളും, കിണറുകളുമാണ് ഇന്നു് സർക്കാരിന്റെ കൈ വശം ഉള്ളതു്. അതുകൾ ഏതേതു ആളുകൾ എന്തു ഉദ്ദേശത്തോടു കൂടി കഴിപ്പിച്ചു് നാട്ടുനടപ്പു അനുസരിച്ചു ഉപയോഗിച്ചുവരുന്നു വൊ ആ ഉദ്ദേശങ്ങളെ നില നിർത്തി പോരേണ്ട ഭാരം സർക്കാരി നും ഉണ്ടു്. പൊതുപണം ഉപയൊഗിച്ചു നന്നാക്കുന്നതു കാരണം അതു എല്ലാവർക്കും വേണ്ടി തുറന്നു കൊടുക്കണമെന്നു പറയുന്നതും പ്ര വൃത്തിക്കുന്നതും പണ്ടത്തെ ഉദ്ദേശത്തിനു വിപരീതമാണ്. ഈ മാതിരി സംഗതികൾ വാദവിഷയമാകുമ്പോൾ ഒരു കാലഹരണ വാദം കൂടാതെ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സമുദായ ങ്ങൾക്കു തന്നെ അവ വിട്ടുകൊടുക്കേണ്ടിയും വരും. സർക്കാരിനു കാലഹരണം വാദിക്കാതെ ബാക്കി എന്തും ചെയ്യാമെന്നാണ് പ്രീ വി കൌൺസിൽ കൂടി അഭിപ്രായപ്പെട്ടിട്ടുള്ളതു്. സർക്കാരിനെ സംബന്ധിച്ചു ഇത്രത്തോളം.

ഇവിടെ ഇപ്പോൾ പല മതത്തിലും ജാതിയിലും പെട്ട വള രെ മെംബർമാരുണ്ട്. ഓരൊരുത്തരുടെയും നിയോജകമണ്ഡല ത്തിൽ ജാതി ഹിന്തുക്കളും ധാരാളം ഉണ്ടു്. അവരുടെ വോട്ട കൊണ്ടുമാണ് കുസ്ത്യാനികൾക്കും മറ്റു മതക്കാർക്കും ഇവിടെ മെം ബർമാരായി വരുവാൻ കഴിഞ്ഞിട്ടുള്ളതു്. കഴിഞ്ഞ തിരഞ്ഞെടു പ്പിൽ കുസ്ത്യാനിയെന്നൊ, മുഹമ്മദനെന്നൊ, ഈഴവനെന്നൊ ഭേ ദം വച്ചു് ആരും വോട്ട ചെയ്തിട്ടില്ല. ജാതി ഹിന്തുക്കൾ അധികമു ള്ള നിയോജകമണ്ഡലത്തിൽ അവർ വിചാരിച്ചിരുന്നുവെങ്കിൽ അവരുടെ ഇടയിൽ നിന്നും തന്നെ ഒരാളെ മെംബറായി തിര

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞെടുക്കുവാൻ കഴിയുമായിരുന്ന നിയോജകമണ്ഡലങ്ങളിൽ നി
ന്നും പല ക്രിസ്ത്യാനികളും മെംബർമാരായി വന്നിട്ടുണ്ട്. ജാ
തിഹിന്തുക്കൾ ഇങ്ങനെ ചെയ്തതു് ആരെ അയച്ചാലും നമുക്കു്
യാതൊരുവിധ വൈഷമ്മ്യവും ഇല്ല. അവർ മറ്റുള്ളവക്കെ
ന്നപോലെ ജാതിമതഭേദംകൂടാതെ നമുക്കുവേണ്ടിയും സഭയിൽ
വാദിക്കുംഎന്ന കരുതലിന്മേലാണു് ക്രിസ്ത്യാനി മെമ്പർമാക്കു് ജാ
തിഹിന്തുക്കൾ വോട്ടുകൊടുത്തിട്ടുള്ളതു്. ആ മെംബർമാർ ജാതിഹി
ന്തുക്കൾക്കെതിരായി ഈ പ്രമേയത്തിനു് വോട്ടുചെയ്യുമെങ്കിൽ അടു
ത്ത തിരഞ്ഞെടുപ്പിനു് ജാതിഹിന്തുക്കളുടെ വോട്ടു് അവക്കു കിട്ടാൻ
പ്രയാസമാകും. കിട്ടുകയില്ലെന്നതന്നെവേണം പറയുവാൻ. അതു
കൊണ്ടു ക്രിസ്ത്യൻ മെംബർമാർ ഈ കാര്യത്തെപ്പറ്റി നല്ലവണ്ണം
ആലോചിക്കണം. അവരുടെ കാര്യം ആയപ്പോൾ എന്തുംചെയ്യാ
മെന്നു കാണിക്കുന്നതു് പത്മാസുരൻ ശിവനോടു് ഒരു വരംചോ
ദിച്ചു. ആ വരംകിട്ടിക്കഴിഞ്ഞപ്പോൾ പത്മാസുരൻ ആശക്തിയെ
ശിവനിൽതന്നെ പ്രയോഗിക്കുവാൻനോക്കി അതുപോലെ ജാ
തിഹിന്തുക്കളുടെവോട്ടുകൊണ്ടു് കിട്ടിയ അധികാരം, ചിലമെമ്പർ
മാർഅവരുടെജാതിഹിന്തുക്കളുടെ നേരെ പ്രയോഗിക്കുവാൻ നോ
ക്കുന്നു.

പണ്ടത്തെ ആളുകൾ അവർ എത്രതന്നെ capability (ശക്തി)
ഉണ്ടായിരുന്നാലും അവർ അതിനെ നേരിട്ടു ഉപയോഗിച്ചിരുന്നി
ല്ല. അന്നത്തെ ബ്രാഹ്മണർ, ഋഷിമാർ, മുതലായവർ വളരെ ദി
വ്യശക്തിലഭിച്ചവരാണു്. എന്നാലും അവർ ശക്തിയെ ഉപയോ
ഗിച്ചിരുന്നില്ല. ആ ശക്തി ഉപയോഗിക്കാൻ കടപ്പെട്ടവനെക്കൊ
ണ്ടു് ചെയ്യിക്കുകയൊ, അഹ്തയുള്ളവർ തന്നത്താൻ ചെയ്യുകയല്ലാ
തെ ഒരു ശക്തി ഒരാളുടെ കൈവശമുണ്ടെങ്കിലും അതു് ഉപയോ
ഗിക്കുവാൻ പാടില്ലെന്നാണു് വെച്ചിരുന്നതു്. ദൃഷ്ടാന്തമായി പുരാ
ണാദികൾഎടുത്താൽ ശ്രീരാമനു് ആയുധാഭ്യാസം വിശ്വാമിത്ര മ
ഹർഷിയാണു് ഉപദേശിച്ചുകൊടുത്തതു്.എങ്കിലും മാരീചാദിരാക്ഷ
സന്മാരെ കൊല്ലുന്നതിന്നായി ശ്രീരാമനെ വിശ്വാമിത്രൻ കൂട്ടി
ക്കൊണ്ടുപോയി. അതെന്തുകൊണ്ടു ? മഹർഷിമാർ എത്രതന്നെ ആ
യുധാഭ്യാസമുള്ളവരായാലും ശത്രുനിഗ്രഹം അവരുടെ ധർമ്മമല്ല.
അതു ക്ഷത്രിയധർമ്മമാകുന്നു. അതുകൊണ്ടാണു് ആയുധാഭ്യാസം
ശ്രീരാമനു ഉപദേശിച്ചുകൊടുത്തതിന്റെശേഷം ശത്രുനിഗ്രഹണ
ത്തിനു് ക്ഷത്രിയനായ ശ്രീരാമനെ നിയോഗിച്ചതു്. അതുപോലെ
മെംബർമാക്കു് ജാതിഹിന്തുക്കളുടെ വോട്ടുകൊണ്ടു് അവരുടെ അ
വകാശങ്ങളെ ഇല്ലാതാക്കുവാനുള്ള അധികാരം ലഭിച്ചിട്ടുണ്ടെങ്കി
ലും മനോവിശാലത ഉപയോഗിച്ചു് ആ അധികാരം ഇക്കാര്യ
ത്തിൽ പ്രയോഗിക്കരുതെന്നാണു് എന്റെവാദം. നമുക്കു് നല്ല ഒ
രാവശ്യമുണ്ടുണ്ടു്, അതിനാൽ നാം ആരേയും പ്രതിനിധിആയി അ

LIBRARY ARCHIVES Kerala Legislative Assembly

യെല്ലാം തരക്കേടും ഇല്ല എന്നായിരുന്ന കഴിഞ്ഞ തിരഞ്ഞെടുപ്പു വരെ ജാതിഹിന്ദുക്കളുടെ നില. അവരുടെവോട്ടുകൊണ്ടുകിട്ടിയിരിക്കുന്ന അധികാരംപ്രയോഗിച്ച് നിങ്ങൾ ജാതിഹിന്ദുക്കൾ വളരെക്കാലമായി അനുഭവിച്ചുവരുന്ന സ്വാതന്ത്ര്യങ്ങളെ ഇല്ലാതാക്കുന്നപക്ഷം രാജ്യത്തിൽ അനാവശ്യ കുഴപ്പങ്ങൾ ഉണ്ടാകുന്നതും അടുത്ത തിരഞ്ഞെടുപ്പിൽ ജാതിഹിന്ദുക്കൾ അവരുടെകാര്യം പ്രത്യേകം നോക്കുവാൻ ശ്രമിക്കേണ്ടതായും വരും.

Mr. C. V. Kuriyan.—Sir, I rise to support the resolution. I am representing a constituency in which all the communities, caste Hindus, non-caste-Hindus, Christians and probably Muslims too, are evenly distributed,and I am to voice their feelings in this House. I am not unaware of the difficulties that stand in the way of the practical working of the resolution if it is passed in this House. Instances are not rare in my own constituency where communities vie each other and cases and enquiries are in courts now and then. Only last year some 200 accused were included in a case and happily that case was dismissed. It was dismissed in favour of the accused. My fear is that, if this restriction is allowed to continue, the amicable harmony that we are aspiring for in our constituency will not be realised. I may also state instances where members of my constituency, caste-Hindus in common with backward classes, out of sentiment, out of human respect, do not take a sip of the white toddy in public places. Whereas they do take in private places. I say that human respect and sentiment are but smoke screens which can be cleared of by a resolution passed in this Council. It is but natural that those people have such human respect but the Government should not take sides and should not encourage such sentiments to continue. I am not also unaware of the limitations that are imposed by custom. Custom, if I may say so, has got legal force like the law because it has behind it the legal sanction of long usage and tradition. But, Sir, we have been progressing for these 2000 years and are we able to check that custom? Were we able to break through the shackle that bind the society by tradition? Finally, I endorse my view in favour of the resolution on the ground of principle. What does the resolution aim at? The resolution aims at the fact that public funds should not be utilised for an exclusive purpose, that it is a common fund collected from all people that should be utilised for the good of the generality of the people. I have no hesitation to say that the Government will be willing to accept this principle as the ultimate goal or ideal to be kept in mind. There may be difficulties, but if there are rules now regulating that such and such castes alone should enjoy such and such pri-

LIBRARY ARCHIVES Kerala Legislative Assembly

vileges,if there are rules regulating such procedure, the Government should adopt a policy of the least line of resistance and relax the rules that impair the progress of this country. In my opinion if this rule is relaxed I can say a gold millennium is before us by the opening of mutual harmony among all communities which are now fighting each other for petty reasons.

മിസ്റ്റർ കെ. ററി. മാത്യു.—സർ, ഞാൻ ഈ പ്രമേയം ഫാജരാക്കിയപ്പോൾ ഇതിന്റെ ഉദ്ദേശത്തെയും കാരണത്തെയും പറ്റി ഒന്നും വിവരിക്കാത്തതെന്തുകൊണ്ടായിരുന്നുവെന്നു് ചില മെംബർമാർ ചോദിക്കുകയുണ്ടായി. ആ സ്ഥിതിക്കു് ഈ അവസാന ഘട്ടത്തിലെങ്കിലും ഈ പ്രമേയത്തിന്റെ ഉദ്ദേശമെന്തെന്നും ഉത്ഭവം എവിടെ നിന്നാണെന്നും സഭയെ ധരിപ്പിക്കേണ്ടതു് എന്റെ കടമയാണെന്നു് ഞാൻ വിചാരിക്കുന്നു. അതു് സന്ദർഭോചിതവും ആയിരിക്കുമല്ലൊ. ഏകദേശം രണ്ടു കൊല്ലം മുമ്പു് ഈ വിഷയത്തെപറ്റി ഞാൻ അന്നത്തെ സഭയിൽ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. കൊച്ചിരാജ്യത്തു എല്ലാ ജാതിക്കാക്കും തുറന്നു കൊടുക്കാത്തതായി എത്ര കുളങ്ങളും കിണറുകളും ഉണ്ടെന്നായിരുന്നു ആ ചോദ്യം. 100-ൽ അധികം കുളങ്ങളും കിണറുകളും ഉണ്ടെന്നാണു് ഗവർമ്മേണ്ടിൽനിന്നും എനിക്കു് ലഭിച്ച മറുപടി. ഉടനെ ഞാൻ ഈ സംഗതിയെപറ്റി മഹാത്മാ ഗാന്ധിക്ക എഴുതുകയുണ്ടായി. മഹാത്മജി ഇതിനെ സംബന്ധിച്ചു് "യങ്ങ് ഇന്ത്യയിൽ" ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിട്ടും ഉണ്ടു്. ആ ലേഖനം കൊച്ചീരാജ്യത്തെ പൊതു ഫണ്ടിൽനിന്നും പണം കഴിപ്പിച്ചു സംരക്ഷിച്ചുപോരുന്ന കുളങ്ങളും കിണറുകളും ആ രാജ്യത്തെ എല്ലാ ജനങ്ങൾക്കും ഒരുപോലെ തുറന്നുകൊടുക്കാത്ത കാര്യത്തെപറ്റിയായിരുന്നു. അതിനും പുറമെ എനിക്കു് ഒരു കത്തും അദ്ദേഹം അയക്കുകയുണ്ടായി. കൊച്ചീസംസ്ഥാനത്തു താഴ്ന്ന ജാതിക്കാക്കു് ഉപയോഗിക്കാവുന്ന എത്ര ഗവർമ്മേണ്ടു് കുളങ്ങളും കിണറുകളും ഉണ്ടെന്നറിയണമെന്നായിരുന്നു അദ്ദേഹം ആ കത്തിൽ എഴുതിയിരുന്നതു്. ആ കത്തിന്റെ താല്പര്യമനുസരിച്ചു് ഞാൻ ഗവർമ്മേണ്ടിലേക്കു ഒരു ചോദ്യം അയച്ചു. നായമസഭാസാമാജികന്റെ നിലയിലായിരുന്നു ആ ചോദ്യം ഞാൻ ഗവർമ്മേണ്ടിലേക്ക അയച്ചതു. എന്നിട്ടുണ്ടായ ഫലം കേൾക്കുക. കഴിഞ്ഞ സഭയുടെ ആദ്യത്തെ കൊല്ലമാണു് അതു് ഒന്നാമതായി അയച്ചതു്. അന്നു മറുപടി കിട്ടിയില്ല. രണ്ടാമതും അയച്ചു. അക്കൊല്ലവും മറുപടി കിട്ടിയില്ല. മൂന്നാമതും അതുതന്നെ അയച്ചു. മറുപടി കിട്ടിയില്ല. അപ്പോഴേക്കു് ആ സഭയുടെ ജീവിതവും അവസാനിച്ചു. എങ്കിലും ഭാഗ്യവശാൽ എന്റെ നാട്ടുകാർ എന്നെതന്നെ വീണ്ടും അവരുടെ പ്രതിനിധിയായി അയച്ചതിനാൽ ഞാൻ ഈ സഭയിലും മുമ്പിലത്തെ ചോദ്യംതന്നെ അയച്ചു. ഇതേവരെ മറുപടി കണ്ടില്ല. ഇതാണു് ഈ പ്രമേയത്തിന്റെ ഉത്ഭവം.

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം പ്രമേയങ്ങൾ ഈ സഭയിൽ കൊണ്ടുവരരുതെന്നു് ചില സാമാജികന്മാർ ഇവിടെ ഉച്ചത്തിൽ യുക്തിവാദം ചെയ്തിരിക്കുന്നു. എനിക്കു് അവരുടെ ആ അഭിപ്രായത്തോടുകൂടി യോജിക്കുവാൻ നിവൃത്തിയില്ല. ഈ സഭയിൽ ഇത്തരം പ്രമേയങ്ങൾ കൊണ്ടുവരുവാൻ പാടില്ലെങ്കിൽ പിന്നെ ഈ സഭകൊണ്ടുള്ള ഉപയോഗം എന്തെന്നാണു് ആ പ്രാസംഗികന്മാരോടു എനിക്കു ചോദിക്കുവാനുള്ളതു. രാജ്യത്തെ പൊതുജനങ്ങൾ തിരഞ്ഞെടുത്ത അയച്ച വിദ്യാസമ്പന്നന്മാരും, ഉത്തരവാദിത്വബോധമുള്ളവരുമായ പ്രതിനിധികൾ കൂടിയിരിക്കുന്ന ഈ സഭയിൽ ഈ വക കാര്യങ്ങൾ പറയുവാൻ പാടില്ലെങ്കിൽ പിന്നെ അത്രത്തോളം പാഴ്പ്പു ഉത്തരവാദിത്വവുമില്ലാത്ത സാമാന്യജനങ്ങളുടെ ഇടയിലാണൊ ഈവക സംഗതികളെ പറ്റി പ്രതിവാദിക്കേണ്ടതു? നാം ഇവിടെ ഈ വക സംഗതികളെ പറ്റി ഗുണദോഷനിരൂപണംചെയ്തുപാസ്സാക്കിയതിന്റെശേഷം പൊതുജനങ്ങൾക്കു് പ്രസംഗംമൂലവും ഉപദേശംമൂലവും നാം കാര്യങ്ങൾ ശരിയായി മനസ്സിലാക്കികൊടുക്കണം. അല്ലാതെ എന്റെ മാന്യസ്നേഹിതൻ തൃശ്ശൂർ മെംബർ പറഞ്ഞതുപോലെ നാം പുറത്തുപോയിജനങ്ങളെ പഠിപ്പിച്ചിട്ടുവന്നു് ഇവിടെ പാസ്സാക്കുകയല്ലാവേണ്ടതു് (*hear, hear*). പൊതുജനങ്ങളുടെ പ്രതിനിധികളായി ഇവിടെ വന്നിരിക്കുന്ന നാം അവരുടെ പുറകെ പോവുകയല്ല അവരുടെ പ്രാതിനിധ്യം വഹിക്കുന്ന നമ്മുടെ പുറകെ അവരെ കൊണ്ടുപോകുവാൻ ശ്രമിക്കുന്നതാണു് നമ്മുടെ കർത്തവ്യം എന്നു് ഞാൻ ഓരോ സാമാജികന്മാരേയും ഉദ്ബോധിപ്പിക്കുന്നു. അതിനാൽ ഈ വക വിഷയങ്ങളെപ്പറ്റി ഇവിടെ വാദിക്കുവാൻ പാടില്ല, ഈ വക കാര്യങ്ങൾ ഇവിടെ കൊണ്ടുവന്നുകൂടാ എന്നുപറയുന്നതിൽ ഒരു അർത്ഥവുമില്ല. ആ വാദമുഖങ്ങളെ ഞാൻ ബലമായി എതിർക്കുന്നു. ഈ പ്രമേയം നാം ഇവിടെ പാസ്സാക്കികഴിഞ്ഞിട്ടു പൊതുജനങ്ങളുടെ അംഗീകരണത്തിനായി ഓരോ സാമാജികന്മാരും വർത്തമാനപ്പത്രങ്ങൾ വഴിയായും, സമ്മേളനങ്ങൾ വഴിയായും പ്രചരണവേലകൾ നടത്തണം. അപ്പോൾ എല്ലാം ശരിയാകും. അതാണു് നമ്മുടെ കർത്തവ്യം.

എന്റെ മാന്യസ്നേഹിതൻ തൃശ്ശൂർ മെംബറിന്റെ "സെന്റിമെണ്ടിനോടും" (sentiment) ഞാൻ അശേഷം യോജിക്കുന്നില്ലെന്നു പ്രസ്താവിച്ചു കൊള്ളട്ടെ. ഈ വക കാര്യങ്ങൾ സാധിക്കാൻ മനസ്സില്ലെങ്കിൽ അതിനു് എത്രയായി ഒരുവക ദുർന്യായങ്ങളും യുക്തികളും പറയുവാൻ ആർക്കും സാധിക്കും.

താഴ്ന്ന ജാതിക്കാരെന്നു വിളിക്കപ്പെടുന്നവർ ക്രിസ്തുമതത്തിൽചേർന്നാലും അവരെയും സമന്മാരായികരുതാതെ വ്യത്യാസം കല്പിക്കുന്നുണ്ടെന്നു് പറയുന്നതു് ശരിയാണെങ്കിൽ ആ അസ്വാത

LIBRARY ARCHIVES Kerala Legislative Assembly

ന്ത്യാമതത്തിൽ ആരും ചെന്നു ചാടരുതെന്നു് ഞാൻ ബലമായി ഉപദേശിക്കുന്നു. താഴ്ന്ന ജാതിക്കാർ, സഹോദരത്വം കാണിക്കാത്ത ക്രിസ്ത്യാനി ഉപദേഷ്ടാക്കളുടെ ഉപദേശത്തിൽ മതിമയങ്ങി വീണ്ടും അസ്വാതന്ത്ര്യവലയിൽ ചെന്നു് കുടുങ്ങരുതു്. നിങ്ങൾക്കു് മുൻസ്ഥിതിയിൽനിന്നും ഒരു മാറ്റംകിട്ടുന്നില്ലെങ്കിൽ എന്തിനായ് നിങ്ങൾ ക്രിസ്തുമതം അവലംബിക്കണം! ക്രിസ്തുമതം നിങ്ങൾക്കു് സ്വാതന്ത്ര്യവും സമത്വവും തരുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ ഇപ്പോഴത്തെ ഹിന്ദുമതത്തിൽനിന്നു കൊണ്ടതന്നെ, ഹിന്ദുമതത്തിലെ അനാചാരങ്ങളെ ചവുട്ടിത്തേച്ചു് നിങ്ങളുടെ അവശതകളെ പരിഹരിക്കുവാൻ ശ്രമിക്കണമെന്നാണു് എനിക്കു് ആ സഹോദരസമുദായത്തോടുള്ള ഉപദേശം. ഈ കാര്യങ്ങളെപ്പറ്റി മദ്രാസ്സിൽവെച്ചു് മിസ്റ്റർ ആൻഡ്രൂസ് ചെയ്ത ശക്തിമത്തായ പ്രസംഗം ഞാനും വായിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ അറിയാത്ത ഒന്നല്ല എന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ.

ക്രിസ്ത്യാനികളും മറ്റു സമുദായക്കാരും കൂടി സവർണ്ണഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും തമ്മിലുള്ള തർക്കങ്ങളെ പറഞ്ഞു തീർക്കുന്നതിനു് ശ്രമിക്കണമെന്നാണു് ചിലസാമാജികന്മാരുടെ ദയവേറിയ ഹൃദയങ്ങളിൽനിന്നും പുറപ്പെട്ട തത്വോപദേശം. മനസ്സില്ലാത്തവരോടു എന്തുപറയുവാനാണു്? സവർണ്ണർക്കു് മനസ്സുണ്ടായിരുന്നുവെങ്കിൽ ആരും ഉപദേശിക്കാതെ തന്നെ ഈ അനാചാരങ്ങളേയും അസമത്വങ്ങളേയും പരിഹരിക്കുവാൻ അവർക്കു തന്നെസാധിക്കും. ഒരു കാര്യം തീർച്ചതന്നെ. ഈ വക അനാചാരങ്ങളെ വെച്ചു പാലിക്കുന്നിടത്തോളം കാലം ഹിന്ദു സമുദായത്തിനു് ഒരു വിധ ഉന്നതിയും പ്രാപിക്കുവാൻ സാധിക്കുകയില്ല. ഈ തത്വം ഇൻഡ്യയിലെ ഇന്നത്തെ രാഷ്ട്രീയനേതാക്കന്മാരും സമുദായികനേതാക്കന്മാരും ഒരുപോലെ അംഗീകരിച്ചിട്ടുണ്ടു്. അവരുടെ ആ ഉപദേശം നാം ദിവസന്തോറും കേട്ടുകൊണ്ടിരിക്കുന്നു. ഹിന്ദുമതത്തിലുള്ള കളങ്കങ്ങളെ നീക്കുവാൻ, അനാചാരങ്ങളെ നശിപ്പിക്കുവാൻ, ആ മതത്തിലെ ഉൽകൃഷ്ടമെന്നു പറയുന്ന ജാതി ഹിന്ദുക്കൾതന്നെ അക്ഷീണം പരിശ്രമിക്കേണ്ടിയിരിക്കുന്നു. മറ്റു ജാതിക്കാരല്ല ആ അനാചാരങ്ങളെ നശിപ്പിക്കുവാൻ വരേണ്ടതു്, വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഓരോ സവർണ്ണ ഹിന്ദുവും അവർണ്ണഹിന്ദുക്കളെ സഹോദരന്മാരായി ഗണിച്ചു തന്റെ സമുദായത്തെ ഉന്നതിയിൽ കൊണ്ടു വരുവാൻ പരിശ്രമിക്കേണ്ടതാണു്.

എന്റെ മാന്യസ്നേഹിതൻ തുപ്പൂണിത്തുറ മെംബർ കൊണ്ടുവന്നതും മറ്റൊരു മാന്യസാമാജികനാൽ അനുകൂലിക്കപ്പെട്ടതുമായഭേദഗതി,.....

Mr. C. J. Mathew.—That is not an amendment, but only a suggestion.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. കെ. ടി. മാത്യു.—എന്തായാലും വേണ്ടില്ല, അതു സ്വീകരിക്കുവാൻ തീരെ നിവൃത്തിയില്ലാതെ പോകുന്നതിൽ എനിക്കു വളരെ വ്യസനമുണ്ട്. അവരുടെ ആദ്യ തത്വത്തോടു്, അതായതു് കുളങ്ങളും കിണറുകളും എല്ലാവർക്കും തുറന്നു കൊടുക്കേണ്ടതാണെന്നുള്ള തത്വത്തോടു, മാത്രമെ എനിക്കു് ആക്ഷേപമുള്ളു. ഗവർമ്മെണ്ടു തന്നെയും അതു തത്വത്തെ സ്വീകരിച്ചിരിക്കുന്നതായി ഇവിടെ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇനി ഈ പ്രമേയം ഇവിടെ പാസ്സായാൽ, ഇതുവരെ സവർണ്ണ ഹിന്ദുക്കൾ മാത്രം ഉപയോഗിച്ചു വരുന്ന പൊതു കുളങ്ങളും, കിണറുകളുമെല്ലാം നാളെത്തന്നെ സകല ജാതി മതസ്ഥന്മാർക്കും തുറന്നു കൊടുക്കുവാൻ ഗവർമ്മെണ്ടിനു സാധിക്കുമെന്നും എനിക്കു വിചാരമില്ല. ഈ വക പ്രമേയങ്ങളെപ്പറ്റി ഈ സഭയിൽ സംസാരിക്കുവാൻ തന്നെ പാടില്ലെന്നുള്ള മേല്പറഞ്ഞ നിർദ്ദേശ കർത്താവിന്റെയും അതിന്റെ അനുകൂലകന്റെയും അഭിപ്രായത്തെ ഞാൻ മുഴുശക്തിയോടു കൂടി പ്രതിഷേധിക്കുന്നു. അതിനുള്ള ന്യായങ്ങൾ ഞാൻ ആദ്യം തന്നെ പറഞ്ഞു കഴിഞ്ഞു. അവരുടെ നിർദ്ദേശത്തിന്റെ മറ്റൊരു ഭാഗം, അതിവിശേഷമായ മറ്റൊരു ഭാഗം, പൊതു ഫണ്ടിൽ നിന്നു ഇപ്പോൾ കുളവും കിണറും ഇല്ലാത്ത ഓരോ ജാതിക്കാർക്കു പ്രത്യേകം പ്രത്യേകമായി കുളവും കിണറും കഴിപ്പിച്ചു കൊടുക്കണമെന്നാണു്. ഈ ആനുകൂല്യം പെട്ടന്നു നല്ലതാണെന്നു് തോന്നിപ്പോകുമായിരിക്കാം. ഓരോ വർഗ്ഗക്കാർക്കും പ്രത്യേകം പ്രത്യേകമായി കുളവും കിണറും കഴിച്ചു കൊടുക്കാമെന്നുവെച്ചാൽ ഗവർമ്മെണ്ടിനു വലുതായ നഷ്ടം നേരിടും. രണ്ടാമതു് അങ്ങിനെ പ്രവൃത്തിക്കുന്നതായാൽ ഗവർമ്മെണ്ടു് എന്നും ഈ അസമത്വത്തെയും അനാചാരങ്ങളേയും നിലനിർത്തുവാനാണു് തീർച്ചയാക്കീട്ടുള്ളതെന്ന ആക്ഷേപത്തിനു് പാത്രീഭവിക്കും. ഓരോ ജാതിക്കാർക്കും മതക്കാർക്കും പ്രത്യേകം പ്രത്യേകമായി ഉണ്ടാക്കിക്കൊടുക്കണമെന്നു പറയുന്നതു് നിശ്ചയമായും ഈ അനാചാരങ്ങളേയും അസമത്വങ്ങളേയും എന്നന്നേയ്ക്കും നിലനിർത്തണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണു്. ഞാൻ കൊണ്ടുവന്ന പ്രമേയം mischievous ആണെന്നു പറഞ്ഞ ആ സാമാജികന്റെ മനസ്ഥിതിയിൽ നിന്നും ഉത്ഭവിച്ച മേല്പറഞ്ഞ യുക്തിവാദങ്ങളാണു് mischievous എന്നാണു് എനിക്കു് അദ്ദേഹത്തോടു പറയുവാനുള്ളതു്. ഞങ്ങൾ തമ്മിൽ ഇങ്ങിനെ അനാചാരം പറയേണ്ടിവന്നതിൽ ഞാൻ വളരെ വ്യസനിക്കുന്നു.

പ്രമേയത്തിനെതിരായി കൊണ്ടുവന്ന മറ്റൊരുവാദം, ഗവർമ്മെണ്ടു് എല്ലാജാതിക്കാരിൽനിന്നും പണം പിരിക്കുന്നുണ്ടെന്നും അതിനാൽ എല്ലാജാതിക്കാരെയും വേണ്ടവണ്ണം സംരക്ഷിക്കണമെന്നുമാണു്. എല്ലാജാതിക്കാരുടേയും നന്മയെ ഉദ്ദേശിച്ചാണു് ഗവർമ്മെണ്ടു് ഓരോന്നും പ്രവൃത്തിക്കേണ്ടതു്. പക്ഷെ എല്ലാവരോടും ഒ

LIBRARY ARCHIVES Kerala Legislative Assembly

രുപോലെവേണം പ്രവൃത്തിക്കുവാൻ. ഒരു മതക്കാരുടെ രക്ഷയെപ്പറ്റി ഗവർമ്മെണ്ടു് നോക്കുമ്പോൾ മറ്റു മതക്കാരുടെ രക്ഷയേയും കൂടി നോക്കേണ്ടതു് അത്യാവശ്യമാണു്. കൊച്ചിയിലെ ഏറ്റവും കുറഞ്ഞ ഒരു പങ്കാണു് സവർണ്ണഹിന്തുക്കൾ. അവർക്കാകുന്ന കുളവും കിണറും പ്രത്യേകമായി ഉണ്ടാക്കികൊടുത്തിരിക്കുന്നതു്. അവരേക്കാൾ ഭൂരിപക്ഷക്കാരായ മറ്റു ജനങ്ങൾക്കു് കുളവും കിണറും തുറന്നുകൊടുക്കാത്തതിൽ അവർക്കുള്ള വ്യസനവും ലജ്ജയും മറ്റും കൂടി ഗവർമ്മെണ്ടു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു.

കുളവും കിണറും എല്ലാജാതിക്കാർക്കും ഗവർമ്മെണ്ടു തുറന്നുകൊടുക്കുകയാണെങ്കിൽ, ഗവർമ്മെണ്ടു് വളരെ വിഷമിക്കുമെന്നും, ഗവർമ്മെണ്ടിനെ കുഴപ്പത്തിലാക്കുമെന്നും, ബഹളമുണ്ടാകുമെന്നും ഒരു മാന്യനും നിയമജ്ഞനും മറ്റൊരു സാമാജികൻ ഗവർമ്മെണ്ടിനെ ഭീഷണിപ്പെടുത്തുകയുണ്ടായി. ഈ വക മിരട്ടുകളും ഭീഷണികളും കേട്ടു, പൊതുകുളങ്ങളും കിണറുകളും തുറന്നുകിട്ടാതിരിക്കുന്ന ജനങ്ങൾ പെട്ടന്നു ഭയപ്പെട്ടുപോകുമെന്നു ആ മെംബർ വിചാരിക്കുന്നുണ്ടെങ്കിൽ അതുതെറ്റാണെന്നു് ആ മാന്യൻ നല്ലതുപോലെ മനസ്സിലാക്കികൊള്ളട്ടെ. (*Hear, hear.*) അദ്ദേഹം മിരട്ടും ചെപ്പടിവിദ്യയും ഒന്നും എടുക്കാതെ ശരിയായ ന്യായം പറഞ്ഞാണു് എതുത്തിരുന്നതെന്നുവരികിൽ എനിക്കു് ഇതുയും പറയേണ്ടിവരികയില്ലായിരുന്നു. ന്യായം കാണാത്തതുകൊണ്ടു് ഭീഷണിയും കൊണ്ടാണു് അദ്ദേഹത്തിന്റെ പുറപ്പാടു്.

ഒരു വിദേശിയ ഗവർമ്മെണ്ടായ ബ്രിട്ടീഷു് ഗവർമ്മെണ്ടു് ഇവിടെവന്നു് ഇൻഡ്യയിലെ സതിനിറുത്തൽ ചെയ്യുവാൻ ശ്രമിച്ചു. ജനങ്ങൾ കലശൽകൂട്ടാനും തുടങ്ങി. എങ്കിലും ഗവർമ്മെണ്ടു് ധൈര്യപൂർവ്വം ഹിന്തുമതത്തിൽ വേരുറച്ചുകിടന്ന ആ അനാചാരത്തെ നിറുത്തൽ ചെയ്തു. എന്നിട്ടു ജനങ്ങൾ ഒന്നും ചെയ്തില്ല. ഒരു വിദേശ ഗവർമ്മെണ്ടിനു് ഹിന്തുമതത്തിലെ ആ ദുഷിച്ച അനാചാരത്തെ നിറുത്തുവാൻ സാധിച്ചുവെങ്കിൽ എന്തുകൊണ്ടു് ഒരു സ്വദേശീയ ഗവർമ്മെണ്ടിനു് ഇന്നത്തെ അനാചാരങ്ങൾ നിറുത്തലാക്കുവാൻ സാധിക്കുകയില്ല? ഗവർമ്മെണ്ടിന്റെ ശക്തി ജനങ്ങൾക്കു് അറിയാവുന്നതുകൊണ്ടുതന്നെയാകുന്നു ഗവർമ്മെണ്ടു് തന്നെ ഇക്കാര്യത്തിൽ പ്രവേശിക്കണമെന്നു പറയുന്നതു്.

അഫ്ഗാനിസ്ഥാൻ മഹാരാജാവു യൂറോപ്യൻ രാജ്യങ്ങളിൽ പോയി തിരിച്ചുവന്ന ഉടനെ അവിടത്തെ പർദാസമ്പ്രദായം നീക്കി. അനാചാരങ്ങളെ നശിപ്പിച്ചു. എന്നിട്ടു് അദ്ദേഹത്തിന്റെ തല ആരും കൊണ്ടുപോയിട്ടില്ല. അദ്ദേഹത്തിന്റെ രാജ്യത്തിനും ഒരു നാശവും വന്നിട്ടില്ല. അതുപോലെ ഈ വക കാര്യങ്ങളിൽ നമ്മുടെ ഗവർമ്മെണ്ടും പ്രവേശിക്കുന്നതായാൽ ഒരു ദോഷവും, കുഴപ്പവും ഉണ്ടാകുവാനില്ല. യാഥാസ്ഥിതികത്വവും പക്ഷപാതിത്വനയവും വിട്ടാൽ ഈ അനാചാരങ്ങളെ നാട്ടിൽനിന്നും പറപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനു് നമ്മുടെ ഗവമ്മേണ്ടിനു് സാധിക്കുന്നതാണു്. ഗവമ്മേണ്ടു് അതിനായി പുറപ്പെടുമ്പോൾ ക്ര ൦൦ -നു് ക്ര ൨ - ക്ര൭ വീതം മാത്രമുള്ള ജാതി ഹിന്തുക്കൾ ഗവമ്മേണ്ടിനെ എതുക്കുകയാണെങ്കിൽ, അവരേക്കാൾ ബഹു ഭൂരിപക്ഷമുള്ള ഇതരജാതിക്കാർ ഗവമ്മേണ്ടിനെ സഹായിക്കുവാൻ മൈയ്പൂവ്വം മുമ്പോട്ടുവരുന്നതാണെന്നു് ഭീഷണിക്കാരനായ മെമ്പറിനെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളട്ടെ (*hear, hear*). ഈ ഭയപ്പെടുത്തലുകൾ ഈ രാജ്യത്തും ഈ സഭയിലും ആരും അശേഷം വകവയ്ക്കുകയില്ലെന്നും ആ ഭീഷണിക്കാരൻ മനസ്സിലാക്കിക്കൊള്ളട്ടെ. (*Hear, hear.*) അദ്ദേഹം ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നുവെന്നു വരികിൽ ഞാൻ ഇതിനേക്കാളും കൂടുതൽ പറയുമായിരിന്നു.

പ്രമേയാവതരണസമയം ഞാൻ ഇതിനെപ്പറ്റി ഒന്നും സംസാരിക്കാതിരുന്നതു് ഞാൻ പലപ്പോഴും ഇതിനെക്കുറിച്ചു് ഇവിടെ പ്രസംഗിച്ചിട്ടുള്ളതുകൊണ്ടാകുന്നു. എനിക്കു് സന്ദർഭം കിട്ടുമ്പോഴൊക്കെയും ഞാൻ ഇക്കാര്യത്തെപ്പറ്റി പറയാതിരുന്നിട്ടില്ല. ഈ ശ്രമം വിജയകരമാകുന്നതുവരെ ആ ഉത്സാഹം ഞാൻ കുറയ്ക്കുകയുമില്ല. ഈ സഭ രൂപീകരിച്ച ആദ്യഘട്ടത്തിൽ തന്നെഞാൻ ഇത്തരം ഒരു പ്രമേയം അവതരിപ്പിച്ചിരുന്നു. അന്നു ആ പ്രമേയം സഭയിൽപോലും കൊണ്ടുവരുവാൻ അനുവദിക്കാതെ മാറ്റുവാൻ പ്രസിഡെണ്ടു് തള്ളിക്കളയുകയാണു് ചെയ്തതു്. പ്രസിഡെണ്ടിന്റെ ആ നയത്തെ പ്രതിഷേധിച്ചുംകൊണ്ട അക്കാലത്തെ എറണാകുളം ഹജൂർ ജട്ടിയിൽ വെച്ചു് ഒരു പ്രതിഷേധയോഗം കൂടിയതായി എനിക്കു ഓർമ്മയുണ്ടു്. അതിനു ശേഷം ഇപ്പോഴത്തെ പുതിയ സഭ തുടങ്ങിയപ്പോഴും ആ പ്രമേയം തന്നെ ഞാൻ അയച്ചു. പ്രസിഡെണ്ടു് യാതൊരു തടസ്ഥവും പറയാതെ ഇപ്പോൾ അതു അനുവദിച്ചു. ഇപ്പോഴെങ്കിലും അനുവദിക്കാൻ തോന്നിയ അദ്ദേഹത്തോടു നന്ദി പറഞ്ഞുകൊള്ളുന്നു. ഇതിനെ സംബന്ധിച്ചു വാദപ്രതിവാദങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇന്നു ഇതു ഇവിടെ പാസ്സാക്കുവാൻ സാധിച്ചില്ലെങ്കിലും എനിക്കു വ്യസനം അശേഷം ഇല്ല. അധികം ദൂരമല്ലാത്ത ഭാവിയിൽ ഈ പ്രമേയം തന്നെ ഇവിടെ പാസ്സാക്കുവാൻ കഴിയുമെന്നു് ഞാൻ ബലമായി വിശ്വസിക്കുന്നുണ്ടു്. ഗവമ്മെണ്ട ഈ പ്രമേയത്തിലെ തത്വത്തെ സ്വീകരിച്ചിരിക്കുന്നതായി ഗവമ്മെണ്ട ഭാഗത്തെ പ്രധാന മെമ്പർ പറയുകയുണ്ടായി.

ഡിപ്യൂട്ടിപ്രസിഡെണ്ടു്.—അവക്കൊന്നും കൂടുതലായി പറവാനില്ല.

മിസ്റ്റർ കെ. ടി. മാത്യു.—ഗവമ്മെണ്ടു് ഇതിലെ തത്വത്തെ സ്വീകരിക്കുന്നുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഗവമ്മെണ്ടു് ആ തത്വത്തെ നടപ്പിൽ കൊണ്ടുവരുമെന്നുണ്ടെങ്കിൽ ഈ പ്രമേയം വോട്ടിനിടേണ്ടാവശ്യമില്ല.

Mr. A. K. Vengu Ayyar. — Government oppose the resolution as a whole.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ടി. മാത്യു.—ഗവൺമെണ്ടു് ഈപ്രമേയത്തത്വത്തെ സ്വീകരിക്കുവാൻ തയ്യാറല്ലെങ്കിൽ ഈ വിഷയത്തിലുള്ള സഭയുടെ മനസ്ഥിതി തിരിച്ചറിയുവാൻ വേണ്ടി പ്രമേയം വോട്ടിന്നിടണമെന്നു ഞാൻ താല്പര്യപ്പെടുന്നു.

Mr. Thomas Manjuran.—The amendment must be put to the vote first.

Deputy President.—That is not necessary always.

Dr. A. R. Menon.—The mover of the amendment is not here. He is hiding.

Mr. A .B. Salem.—The amendment must be put to the vote first. That is a larger proposition than this. If the amendment is carried the proposition need not be put to the vote.

Deputy President.—I have no objection. The resolution as amended runs thus:—"*This Council requests the Government to throw open everything maintained out of public funds to all without distinction of caste or creed.*"

(*The amendment was put and negatived.*)

Deputy President.—Now we shall put the original resolution, No. 17, to the vote.

(*Resolution put and negatived.*)

Mr. A. B. Salem.—A poll, Sir.

The House divided: Ayes 12, Noes 22 and Neutrals 4.

Ayes.

1 Mr. A. L. Antony.
2 ,, K. J. Antony.
3 ,, K. Ayyappan.
4 ,, P. C. Chanchan.
5 ,, P. Kumaran Ezuhuthassan
6 ,, A. K. Kunji Moideen.
7 Mr. C. V. Kuriyan.
8 ,, C. J. Mathew
9 ,, K. T. Mathew.
10 ,, K. Mohamed Seethi.
11 ,, V. D. Ouseph.
12 ,, A. B. Salem.

Noes.

1 Mr. V. V. Anantapadmanabha Ayyar.
2 ,, V. K. Aravindaksha Menon.
3 ,, C. Barton Wright.
4 ,, A. Eachara Menon.
5 ,, K. Govinda Menon.
6 ,, A. S. Harihara Ayyar
7 Rao Sahib Mr. T. V. Kasturi Ranga Ayyar
8 Mr. V. K. Kochunni Menon
9 ,, S. S. Koder.
10 ,, P. Krishna Menon.
11 Mr. T. K. Krishna Menon.
12 ,, K. Krishna Pisharodi.
13 Rao Sahib Mr. C Matthai.
14 Mr. P. Nilakanta Menon.
15 ,, Ouseph, P. Kundukulam.
16 ,, I. Raman Menon.
17 Dr. A. R. Menon.
18 Mr. A Sankara Menon.
19 ,, V. B. Vaidyanatha Ayyar.
20 Dr. E. A. Veigas.
21 Mr. A. K. Vengu Ayyar.
22 Diwan Bahadur Dr. V. Verghese.

Neutrals.

1 Mr. M. A. Chakko
2 Dr. A. G. Menon.
3 Mr. E. Ikkanda Warriar.
4 ,, Thomas Manjuran.

LIBRARY ARCHIVES Kerala Legislative Assembly

18. Committee to amend the Tenancy Regulation.

Deputy President.—The next resolution stands in your name, Mr. K. T. Mathew.

Mr. K T. Mathew.—"*This Council recommends to the Government to appoint a committee of fifteen members, twelve of which being elected by the non-official Members of the Legislative Council and the remaining three being nominated by the Government to enquire into and report on the working of the Cochin Tenancy Regulation and submit as early as possible a draft Bill to amend the Regulation.*"

ഇതാണ് എന്റെ പ്രമേയം.

Mr. C. Barton Wright.—The President said something about this.

Rao Sahib Mr. T. V. Kasturi Ranga Ayyar.—He also allowed him to move. He said about the strength of the committee and all those things.

മിസ്റ്റർ കെ. ടി. മാത്യു.—സർ, കഴിഞ്ഞ രണ്ടുകൊല്ലക്കാലമായി ജന്മികുടിയാൻ കാര്യത്തെപ്പറ്റി ഈ നിയമ സഭയിൽ പല വാദപ്രതിവാദങ്ങളും നടന്നു വരുന്നുണ്ടെന്നറിയാമല്ലൊ. ഇതുസംബന്ധമായി ഗവമ്മെണ്ടും ചിലതൊക്കെ പ്രസ്താവിക്കയും പ്രവൃത്തിക്കയും ചെയ്യിട്ടുണ്ട്. അടുത്തുതന്നെ, അതായതു രണ്ടുമൂന്നുദിവസത്തിനുമുമ്പ്, ദിവാൻപ്രസിഡെണ്ടു് ഈ സഭയിൽവെച്ചു് ജന്മികുടിയാൻ നിയമത്തെ പറ്റി പര്യാലോചിക്കുവാൻ ഒരു കമ്മറ്റിയെ നിയമിക്കുന്നതിനു് ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടെന്നു് പ്രസ്താവിക്കയുണ്ടായല്ലൊ. ആ കമ്മറ്റിയുടെ രൂപീകരണം എങ്ങിനെ ആയിരിക്കണമെന്നാണു് ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു്. ഈ സഭയിലെ അനുദ്യോഗസ്ഥന്മാരാൽ തിരഞ്ഞെടുക്കപ്പെടുന്ന പന്ത്രണ്ടു സാമാജികന്മാരും ഗവമ്മെണ്ടിൽനിന്നും നിശ്ചയിക്കുന്നതായ മൂന്നു് അല്ലെങ്കിൽ നാലു് അംഗങ്ങളുമടങ്ങിയ ഒരു കമ്മറ്റിയെയായിരിക്കണം നിശ്ചയിക്കേണ്ടതു്.

പന്ത്രണ്ടു അംഗങ്ങളെന്നു നിർദ്ദേശിച്ചിരിക്കുന്നതു് വളരെ കൂടുതലാണെന്നു് ചിലർ അഭിപ്രായപ്പെട്ടേക്കാം. ജന്മികുടിയാൻ കാര്യം ഭാരതത്തിലുള്ള മിക്കസംസ്ഥാനങ്ങളിലേയും ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്ന ഒരു വിഷമ വിഷയമാകയാൽ അതിനെപ്പറ്റി പര്യാലോചിക്കുന്നതിനു് പന്ത്രണ്ടു പേരെ നിയമിക്കുന്നതു് ഒട്ടും കൂടിപ്പോയെന്നു പറയുവാൻ തരമില്ല.

കൂടാതെ കഴിഞ്ഞ നിയമസഭയിൽ ജന്മിപ്രതിനിധി കൊണ്ടുവന്നിരുന്ന ജന്മികുടിയാൻ ഭേദഗതി ബില്ലിനെപ്പറ്റി അന്വേഷണം നടത്തുവാനായി തിരഞ്ഞെടുത്ത കമ്മറ്റിയിൽ പന്ത്രണ്ടു അംഗങ്ങളോളം ഉണ്ടായിരുന്നതായിട്ടാണു് കാണുന്നതു്. എന്നാൽ ജന്മികുടിയാൻ നിയമം മുഴുവൻ—മുമ്പു്

LIBRARY ARCHIVES Kerala Legislative Assembly

ലത്തെ പോലെ ഒരു ഭേദഗതി ബിൽ മാത്രമല്ല—ഒരു ശരിയായ അന്വേഷണം നടത്തുന്നതിന് നിശ്ചയിക്കുന്ന കമ്മറിയിൽ എട്ടു പേർ കൂടുതലാണെന്നു പറയുന്നുണ്ടെങ്കിൽ അതിൽ അശ്ലേഷം ന്യായമില്ല. അതിനാൽ ഈ പ്രമേയത്തിൽ നിർദ്ദേശിച്ചിരിക്കുന്ന അംഗങ്ങളുടെ സംഖ്യയ്ക്കു എതിരായി ആക്ഷേപങ്ങളും എന്തെങ്കിലും പറയുവാൻ ഉണ്ടാകുമെന്നും ഞാൻ വിചാരിക്കുന്നില്ല.

നിയമസഭയിലെ അനുദ്യോഗസ്ഥന്മാർ തിരഞ്ഞെടുക്കുന്ന ഏഴു മെമ്പർമാർ കമ്മറിയിൽ ഉണ്ടായിരിക്കണമെന്നുള്ളതു അത്യാവശ്യമായിട്ടുള്ളതാണ്. ഇങ്ങിനെ തിരഞ്ഞെടുക്കുന്നതിൽ ഏതെങ്കിലും തരത്തിൽ ഒരു ന്യൂനത ഗവർമ്മെണ്ടിനു തോന്നുന്നുണ്ടെങ്കിൽ അതിനെ പരിഹരിക്കുവാൻ ഗവർമ്മെണ്ടിനു സൌകര്യം കൊടുക്കുവാൻ വേണ്ടിയാകുന്നു മൂന്നു അംഗങ്ങളെ നിയമിക്കുവാനുള്ള സ്വാതന്ത്ര്യം ഗവർമ്മെണ്ടിനു വിട്ടുകൊടുത്തിരിക്കുന്നതു. ഗവർമ്മെണ്ടിൽ നിന്നും നിശ്ചയിക്കുന്ന അംഗങ്ങൾ ഗവർമ്മെണ്ടുമെമ്പർമാർ തന്നെ ആകണമെന്നു എനിക്കു ഉദ്ദേശമില്ല. ഉദ്യോഗസ്ഥ മെമ്പർമാരെയൊ അനുദ്യോഗസ്ഥ മെമ്പർമാരെയൊ മെമ്പർമാരല്ലാത്ത ഉദ്യോഗസ്ഥന്മാരെയൊ, അതല്ല പുറമേനിന്നു ഏതെങ്കിലും ആളുകളെയൊ കമ്മറിയിലെ മൂന്നു അംഗങ്ങളായി ഗവർമ്മെണ്ടിൽനിന്നു നിശ്ചയിക്കാവുന്നതാണ്. അക്കാര്യത്തിൽ ഗവർമ്മെണ്ടിന്റെ ഇഷ്ടം പോലെ ചെയ്യാം. എന്നാൽ ഇങ്ങിനെ നിശ്ചയിക്കുന്നവർ മൂന്നിൽ കൂടരുതെന്നാണ് എനിക്കു പറയാനുള്ളതു.

ഇങ്ങിനെ ഒരു പ്രമേയം അവതരിപ്പിക്കുന്നതിനു എന്നെ പ്രേരിപ്പിച്ച ചില പ്രത്യേക കാരണങ്ങൾ കൂടി ഇവിടെ പ്രസ്ഥാപിച്ചു കൊള്ളട്ടെ. ജന്മിപ്രതിനിധി ജന്മികുടിയാൻറെഗുലേഷൻ ഭേദപ്പെടുത്തുന്നതിന്നായി ഒരു ബിൽ കൊണ്ടുവരുകയുണ്ടായല്ലൊ. ഗവർമ്മെണ്ടു പക്ഷത്തുനിന്നു കൊണ്ടുവരുന്ന ബില്ലുകൾ മാത്രമെ സാധാരണ നിയമസഭയിൽനിന്നു പ്രവേശനാനുവാദം ലഭിക്കാതെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുക പതിവുള്ളു. അനുദ്യോഗസ്ഥ മെംബർമാർ കൊണ്ടുവരുന്ന ബില്ലുകൾ നിയമസഭയിൽ നിന്നു പ്രവേശനാനുവാദം ലഭിക്കാതെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്താറില്ല. എന്നാൽ ജന്മിപ്രതിനിധി അയച്ച ജന്മികുടിയാൻ ഭേദഗതി ബിൽ, അനേകായിരം സാധുപൌരന്മാരെ ബാധിക്കുന്ന ആ ബിൽ, നിയമസഭയിൽനിന്നു പ്രവേശനാനുവാദം (leave to introduce) ചോദിക്കുന്നതിനുമുമ്പായി, ദിവാൻജി അദ്ദേഹത്തിന്റെ പ്രത്യേകാധികാരം ഉപയോഗിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുവാൻ അനുവാദം നല്കി. അതിനുശേഷം ബിൽ സഭയിൽ ഹാജരാക്കിയപ്പോൾ ദിവാൻജിയുടെ ഈ പ്രവൃത്തിയെപ്പറ്റി വലിയ വാദപ്രതിവാദം നടന്നു. അതിനെ ഇവിടെ ചർവ്വിത ചർവ്വണം ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ആ വാദപ്രതിവാദങ്ങളെ വായിച്ചുനോക്കുന്ന ഏതു

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷവാദിക്കും ഗവർമ്മെണ്ടു് ജന്മിപക്ഷം ആണെന്നു തെളിയുന്നതാണു്.

Rao Sahib Mr. T. V. Kasturi Ranga Ayyar.—No. After the Diwan has made an unambiguous statement.

Mr. K. T. Mathew.—Subsequent events also disprove the statement. This is what I think.

Mr. A. B. Salem.—The Diwan made a statement that the Diwan is being suspected.

Rao Sahib Mr. T. V. Kasturi Ranga Ayyar.—He made a very unambiguous statement to the best of my recollection and the Hon'ble Member must thank the Diwan for such clear statement.

Mr. K. T. Mathew.—Is not the Hon'ble Member aware of what has happened subsequently? Anyhow I am expressing my opinion.

Rao Sahib Mr. T. V. Kasturi Ranga Ayyar.—Why do we go and comment upon what they have done outside? It is unbecoming on our part to criticise other Governments.

Mr. A. B. Salem.—You always follow British, British.

മിസ്റ്റർ കെ. ടി. മാത്യു.—എന്റെ അഭിപ്രായം എനിക്കു് ഈ സഭയിൽ പറയുവാൻ സാധിക്കുകയില്ലെങ്കിൽ പിന്നെ ഞാൻ എന്തിനുവേണ്ടിയാണു് ഇവിടെ വരുന്നതു്? എന്റെ അഭിപ്രായം കൊച്ചി ഗവർമ്മെണ്ടു് ജന്മിപക്ഷമായി പലതും പ്രവൃത്തിച്ചിട്ടുണ്ടെന്നാണു്. അതു ഞാൻ വീണ്ടും വീണ്ടും പ്രസ്താവിക്കുന്നതിനു അധൈര്യപ്പെടുന്നില്ല. ദിവാൻജിയോടും ഞാൻ ഈ അഭിപ്രായംതന്നെ പറഞ്ഞിട്ടുണ്ടു്. ആ അഭിപ്രായം തെറ്റാണു്, അതു ഹേഹത്തിന്റെ വാക്കു വിശ്വസിക്കണം, എന്നു് അദ്ദേഹം എന്നോടു ആവശ്യപ്പെട്ടു. എന്റെ വാക്കിൽ വിശ്വസിക്കണമെന്നു് ഞാനും അദ്ദേഹത്തോടു ആവശ്യപ്പെട്ടു. (ചിരി.)

ജന്മികുടിയാൻകാര്യത്തിൽ നേരിട്ടു പ്രവേശിക്കുവാൻ കഴിയുകയില്ലെന്നു് തീച്ചപ്പെടുത്തിയിരുന്ന ഗവർമ്മെണ്ടു് ഇതാ ഇപ്പോൾ അതുകെ ഭാവം മാറ്റി, ഒരു കമ്മറിയെ നിയമിക്കുവാൻ പുറപ്പെട്ടിരിക്കുന്നു കൊച്ചിയിലെ ജനങ്ങളെ അതുപ്പാടെ ഒന്നു തട്ടിയുണർത്തുവാൻ കാരണമായജന്മി മെംബറിന്റെ ജന്മികുടിയാൻ ഭേദഗതി ബിൽ ഈ സഭയിൽ കൊണ്ടുവരുന്നതിനു മുമ്പായി, ജന്മികുടിയാൻ നിയമത്തിൽചില ഭേദഗതികൾ വരുത്തുന്നതിനു് ഗവർമ്മെണ്ടു് ഭാഗത്തുനിന്നും ഒരു ബിൽ ഹാജരാക്കുന്നതിനു് വിരോധമുണ്ടോ എന്നു് ഒരു മെംബർ ഈ സഭയിൽവെച്ചു് ഗവർമ്മെണ്ടിനോടു ചോദിക്കുകയുണ്ടായി. എന്റെ ഓർമ്മ ശരിയാണെങ്കിൽ അതു ചോദിച്ചതു് ജന്മിമെമ്പർ തന്നെയാണെന്നും തോന്നുന്നു. അന്നു ഗവർമ്മെണ്ടു പറഞ്ഞതു ജനങ്ങളുടെ പ്രതിനിധികളടങ്ങിയ നിയമസഭ ഉള്ളപ്പോൾ ഗവ

LIBRARY ARCHIVES Kerala Legislative Assembly

മ്മെണ്ടു അക്കാര്യത്തിൽ പ്രവേശിക്കുന്നതു എന്തിനാണു? നിങ്ങൾ തന്നെ ഒരു ബിൽ കൊണ്ടുവരാമെല്ലൊ. അതിനാൽ ഗവ മ്മെണ്ടു ഈ കാര്യത്തിൽ പ്രവേശിക്കുന്നില്ല എന്നായിരുന്നു. ആ ഗവമ്മെണ്ടാകട്ടെ, ഇപ്പോൾ ആ അഭിപ്രായമൊക്കെ പെട്ടെന്നു മാറി, ഞങ്ങൾ ഒരു കമ്മറി ഉണ്ടാക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു എന്നു മുൻ പ്രസ്താപനകൾ തള്ളിക്കളഞ്ഞു പറയുവാൻ തുടങ്ങിയിരിക്കുന്നു. ഗവമ്മെണ്ടു വിചാരിച്ചതുപോലെ ജന്മി പ്രതിനിധിയുടെ ബിൽ, പെട്ടെന്നു ഈ സഭയിൽ കൂടി കടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ലെന്നു മനസ്സിലായപ്പോൾ മുമ്പു പറഞ്ഞ വാശത്തങ്ങളെല്ലാം മറന്നു ഇപ്പോൾ ഒരു കമ്മറിയുണ്ടാക്കുവാൻ കയറി പിടിച്ചിരിക്കുന്നു. ഇതു ശരിയായിട്ടുള്ള ഒരു നയമാണൊ, പ്രവൃത്തിയാണൊ?

ഈ സന്ദർഭത്തിൽ, ജന്മികുടിയാൻ ഭേദഗതിബില്ലിനെ സംബന്ധിച്ചിടത്തോളം ഗവമ്മെണ്ടു് ഏതുതരത്തിലാണു് പ്രവൃത്തിച്ചിട്ടുള്ളതെന്നു് ചിന്തിക്കേണ്ടതു് ആവശ്യമാണു്. നിയമസഭയിൽ ർ ൫ മെംബർമാരുള്ളതിൽ ർ ർ പേരേയും മറന്നു്, ഗവമ്മെണ്ടു് ജന്മിപ്രതിനിധിയെമാത്രം തിരഞ്ഞെടുത്തതു്, ജന്മികുടിയാൻ നിയമത്തിനു് ഒരു ഭേദഗതി കൊണ്ടുവരുന്നതിനായി അദ്ദേഹത്തോടു ആവശ്യപ്പെട്ടു. ഇതു് എലിയെ വളർത്തുന്നതിനു് പൂച്ചയെ ഏല്പിക്കുന്നതുപോലെയായിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ല. നിയമസഭാ റിപ്പോർട്ടിൽ നിന്നുകാണുന്നതു് ജന്മി പ്രതിനിധി ഗവമ്മെണ്ടിനോടു ആവശ്യപ്പെട്ട എന്നല്ല, Government called upon the Jenmi Member—അതായതു് ഗവമ്മെണ്ടു് ജന്മിപ്രതിനിധിനോടു്, ജന്മികുടിയാൻ റെഗുലേഷനു് ഒരു ഭേദഗതി കൊണ്ടുവരുന്നതിനു് ആവശ്യപ്പെട്ട എന്നാണു്. ഇതു് നിഷ്പക്ഷമായ ഒരു പ്രവൃത്തിയാണൊഎന്നു് റെവന്യൂമെംബർതന്നെ പറയട്ടെ.

അതിനെ തുടർന്നു് ജന്മിപ്രതിനിധിയുടെ ഉപയോഗത്തിനായി വേണ്ട എല്ലാ ഗവമ്മെണ്ടു റിക്കാർട്ടുകളും അദ്ദേഹത്തിനു് ഗവമ്മെണ്ടുകൊടുത്തു. ജന്മികുടിയാൻ സംഗതിയെപ്പറ്റിയുള്ള ചിലറിക്കാർട്ടുകൾ മേശപ്പുറത്തവെക്കുന്നതിനായി, കഴിഞ്ഞനിയമസഭയിൽവെച്ചു് ഒരു അനുദ്യോഗസ്ഥ മെംബർ ഒരു ചോദ്യംമൂലം ഗവമ്മെണ്ടിനോടു ആവശ്യപ്പെട്ടപ്പോൾ ഗവമ്മെണ്ടു് അതിനു് വിസമ്മതം പറയുകയാണു്ചെയ്തിട്ടുള്ളതെന്നു് ഇവിടെ പ്രസ്താവയോഗ്യമാണു് അതിനുശേഷം ജന്മിപ്രതിനിധിക്കു് ഗവമ്മെണ്ടിൽനിന്നും കൊടുത്തതായ റിക്കാർട്ടുകൾ എനിക്കു്പരിശോധിക്കുന്നതിനായികുറച്ചുസമയത്തേക്കു് തരണമെന്നു് ഞാൻഗവമ്മെണ്ടിനോടു അപേക്ഷിച്ചു. എന്നാൽ എന്റെ അപേക്ഷയെ ഗവമ്മെണ്ടു് നിരസിക്കുകയാണുചെയ്തതു്. ഇതിൽനിന്നെല്ലാം ജന്മികുടി

LIBRARY ARCHIVES Kerala Legislative Assembly

യാൻകായ്ത്തിൽ ഇപ്പോഴത്തെ ഗവമ്മെണ്ടു് ഒരു നിഷ്പക്ഷകക്ഷി യല്ലെന്നും ജന്മികക്ഷിയാണെന്നും ധാരാളത്തിലധികം മനസ്സിലാകുന്നുണ്ടു്. അതിനാൽ മുൻ നയംഅനുസരിച്ചു് ഒരു ഗവമ്മേണ്ടു് കമ്മിറ്റിയെ, അതായത ഗവമ്മേണ്ടുതന്നെ അംഗങ്ങളെ തിരഞ്ഞെടുത്ത ഒരു കമ്മിറ്റിയെ, നിശ്ചയിക്കുന്നതായാൽ, അതു രാഘവയ്യാകമ്മിറ്റിപോലെ ഒരുജന്മിക്കമ്മിറ്റിയായിരിക്കും. അതിനാൽഒരു കമ്മിറ്റിയെ നിശ്ചയിക്കുന്നുണ്ടെങ്കിൽ, ആ കമ്മിറ്റിയെ ഈ പ്രമേയത്തിൽ പ്രസ്താവിച്ചപ്രകാരം നിശ്ചയിക്കണം.

ഇങ്ങിനെപലതര സഹായങ്ങളെല്ലാം നല്കിയതനുസരിച്ചു നിമ്മിച്ച ജന്മിപ്രതിനിധിയുടെ ഭേദഗതിബിൽ നിയമസഭയിൽനിന്നു ലഭിക്കേണ്ടതായ പ്രവേശനാനുവാദം ലഭിക്കുന്നതിനു മുമ്പായി ഗസറ്റിൽ ഗവമ്മെണ്ടു് പ്രസിദ്ധപ്പെടുത്തിയ വിവരം ഞാൻ മുമ്പു് പ്രസ്താവിക്കുകയുണ്ടായല്ലൊ. എന്നാൽ ജന്മികുടിയാൻ റെഗുലേഷൻ ഭേദപ്പെടുത്തുന്നതിനായി കഴിഞ്ഞ സഭയിലേയും ഈ സഭയിലേയും ചില പൊതുജന പ്രതിനിധികളും ഉണ്ടാക്കിയ ബില്ലുകളും, ജന്മി പ്രതിനിധിയുടെ ബില്ലിന്റെ കാര്യത്തിൽ ഗവമ്മേണ്ടു് പ്രവൃത്തിച്ചതുപോലെ, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുവാനായി ആവശ്യപ്പെട്ടപ്പോൾ ഗവമ്മേണ്ടു പ്രസിദ്ധപ്പെടുത്തിയില്ല. കഴിഞ്ഞ നിയമസഭയിൽ തുപ്പുണിത്തുറ നിയോജകമണ്ഡലത്തിലെ പ്രതിനിധി ആയിരുന്ന മിസ്റ്റർ രാമയ്യരുടെ ബിൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയില്ല. കഴിഞ്ഞ നിയമസഭയിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പ്രതിനിധിയായിരുന്ന മിസ്റ്റർ സി.റ്റി. ചാക്കൊയുടെ ബില്ലുംഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയില്ല. ഈനിയമസഭയിൽ തുപ്പുണിത്തുറ നിയോജകമണ്ഡലത്തിലെ പ്രതിനിധിയായ മിസ്റ്റർ തോമസ്സു് മാഞ്ഞൂരാന്റെ ബില്ലും ഗസറ്റിൽ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുന്നതിനു ഗവമ്മേണ്ടു് അനുവദിച്ചില്ല. ജന്മികുടിയാൻ കാര്യത്തിൽ ഗവമ്മേണ്ടു് നിഷ്പക്ഷ കക്ഷിയാണെങ്കിൽ ഇങ്ങിനെയാണൊ പ്രവൃത്തിക്കേണ്ടതു? കാര്യങ്ങളിങ്ങിനെയിരിക്കെ, ഗവമ്മേണ്ടിന്റെ കമ്മറ്റി ജന്മികമ്മറ്റിയല്ലാതെ പരിണമിക്കയില്ലെന്നതന്നെ പറയാം.

ജന്മിപ്രതിനിധിയുടെ ബിൽ കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിക്കുന്നതിനു ആവശ്യപ്പെട്ടസമയത്തു് പല നിയമസഭാംഗങ്ങളുടെ വായ് അടച്ചുകെട്ടി, ബില്ലിനു് പ്രതികൂലമായി യാതൊന്നും പറയുന്നതിനു് അനുവദിക്കാതെയിരുന്നതിന്റെ അനേകചിത്രവും മറ്റും അന്നത്തെ നിയമസഭാറിപ്പോർട്ടു് വായിച്ചുനോക്കുന്ന ഏതൊരു നിഷ്പക്ഷവാദിക്കും മനസ്സിലാകുന്നതാണു്. പിന്നീടു സെലക്ടു് കമ്മറ്റിയുടെ അദ്ധ്യക്ഷൻ നിയമസഭയിൽനിന്നും സെലക്ടു് കമ്മിറ്റിയിൽനിന്നും രാജിവെയ്ക്കുന്നതിനിടയായപ്പോൾ ജന്മിപ്രതിനിധിയുടെ ബിൽ വേഗത്തിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി, നിയമസഭയിൽ ആലോചിക്കുകൂടി ചെയ്യാതെ, നിയമസഭാ നിയമത്തിനു് വിരുദ്ധമായി, ദിവാൻജി അദ്ദേഹത്തെ തൽസ്ഥാനത്തേയ്ക്കു് നിയമിക്കുകയും അതിനെ പ്രതിഷേധിച്ചു് നിയമസഭയിലെ അനേക മെമ്പർമാർ ഒപ്പിട്ട ഒരു പ്രതിഷേധപത്രം ദിവാൻ പ്രസിഡണ്ടിനു് കൊടുക്കേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്. ഇത്തരത്തിൽ ഒരു കക്ഷി, അതായത് ജന്മികക്ഷി, പിടിച്ചാണ് ഗവമ്മേണ്ടിന്റെ ഇതുവരെയുള്ള പ്രവൃത്തി.

പുതിയ നിയമസഭയിൽ ഗവമ്മേണ്ടു് ഏതെല്ലാം വിധത്തിൽ ജന്മിപ്രതിനിധിയുടെ ബില്ലിനെ സഹായിച്ചിട്ടുണ്ടെന്നു ഈ സഭാംഗങ്ങൾക്കെല്ലാം അറിയാവുന്നതാകയാൽ അവയെല്ലാം ഇവിടെ ഇപ്പോൾ സവിസ്താരം പ്രസ്താവിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കഴിഞ്ഞ നിയമസഭയിൽനിന്നു ഈ പുതിയ നിയമസഭയിലേയ്ക്കു് ജന്മിപ്രതിനിധിയുടെ ബിൽ റെവന്യൂ മെംബർ കഴിഞ്ഞ നിയമസഭയിൽ പറഞ്ഞ അഭിപ്രായത്തിനു് വിരുദ്ധമായി കൊണ്ടുവരുവാനനുവദിച്ചതിന്റെ അനൌചിത്യത്തെപ്പറ്റി ഇവിടെ ചൂണ്ടികാണിക്കുകയുണ്ടായല്ലൊ. ഒരു പുതിയ സെലക്ടകമ്മറിയെ നിശ്ചയിക്കണമെന്നു് ജന്മിപ്രതിനിധി ആവശ്യപ്പെട്ടതിനെ എതിക്കുന്നതിനു് (to oppose) കൂടി പാടില്ലെന്നു് നിയമവിരുദ്ധവും ന്യായവിരുദ്ധവുമായി ഗവമ്മേണ്ടു് ഭാഗത്തുനിന്നു പ്രസ്താവിച്ചതിൽനിന്നുതന്നെ ഗവമ്മേണ്ടു് മികച്ച ജന്മികക്ഷിയാണെന്നു ആക്ഷേപം മനസ്സിലാകുന്നതാണു്. ഇതിനെ തുടർന്നു് ജന്മിപ്രതിനിധിയുടെ ബില്ലിനെപ്പറ്റിയുള്ള ആലോചനവിട്ടു് അടുത്ത വിഷയത്തിലേയ്ക്കു് പ്രവേശിക്കേണമെന്നുള്ള അഭിപ്രായത്തെ വോട്ടിനിട്ട അവസരത്തിൽ ഗവമ്മേണ്ടു് മെമ്പർമാരെല്ലാവരും ജന്മിപ്രതിനിധിയുടെ ജന്മിബിൽ പറഞ്ഞിപ്പിടിച്ചു് വോട്ടുചെയ്യുന്നതും മറുവാൻ തക്ക സമയമായിട്ടില്ല. ജന്മിപ്രതിനിധിയുടെ ബില്ലിനെ താങ്ങി ഗവമ്മേണ്ടു മെംബർമാർ എല്ലാം വോട്ടുചെയ്തിട്ടും അടുത്ത വിഷയത്തിലേക്കു പ്രവേശിക്കണമെന്നുള്ള അഭിപ്രായം വലിയ ഭൂരിപക്ഷത്തോടുകൂടി നിയമസഭക്കാർ സ്വീകരിക്കയാണു് ചെയ്തതു്. ഇതിന്റെ ഫലമായി ജന്മിപ്രതിനിധിയുടെ ബിൽ ചത്തുപോകുന്നതാണു്. എന്നാൽ ആ ബില്ലിന്റെകാര്യം വീണ്ടും ഈ നിയമസഭായോഗകാര്യപരിപാടിയിൽ ചേർത്തുകാണുന്നു. ഇതു് നിയമദുഷ്ടിതന്നെയാണെന്നും ന്യായാനുസരണമല്ലെന്നും പാർലമെന്റനടപടിക്രമവിരുദ്ധമായിട്ടുള്ളതാണെന്നും ഞാനും മറുപല നിയമസഭാംഗങ്ങളും ദിവാൻപ്രസിഡണ്ടിനെ അറിയിക്കയുണ്ടായി. ബ്രിട്ടീഷ് ഇന്ത്യയിലെ നിയമസഭാംഗങ്ങളും ഈ അഭിപ്രായം തന്നെയാണ് പറയുന്നതെന്നും അദ്ദേഹത്തെ മനസ്സിലാക്കി. ഈ നിയമസഭായോഗത്തിനു വന്നയുടനെ, കാര്യപരിപാടിയിൽ ചത്തുപോയ ബില്ലിന്റെ കാര്യംചേർത്തത് എന്തെങ്കിലും ന്യായമൊ നിയമമൊ അനുസരിച്ചാണെങ്കിൽ അതു് എന്താണെന്നു് അറിയിച്ചുതരുവാനായി ഞാൻ അദ്ദേഹത്തോടു ആവശ്യപ്പെട്ടു. അപ്പോൾ അതിനൊന്നും ശരിയായ മറുപടിപറയാതെ ആ സംഗതി ഇവിടെ പ്രതിവാദവിഷയമാക്കരുതെന്നു് അദ്ദേഹം എന്നോടുപ്രത്യേകം ആവശ്യപ്പെടുകമാത്രമാണ് ചെയ്തതു്. ഇതിൽനിന്നുതന്നെ കാര്യങ്ങൾ ആക്ഷേപം മനസ്സിലാക്കുവാൻ കഴിയുന്നതാണു്. ഈ കാര്യത്തെപ്പറ്റി അധികം പറയണമെന്നു് ആഗ്രഹമുണ്ടെങ്കിലും, അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ചു് അതിനെപ്പറ്റി ഇനിയൊന്നും ഇപ്പോൾ ഇവിടെ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടുസഹായമുണ്ടായാലും തന്റെ ബിൽ നിയമസഭയിൽ പാസ്സാക്കികിട്ടുവാൻ പ്രയാസമാണെന്നു ജന്മിപ്രതിനിധി മനസ്സിലാക്കിയപ്പോൾ, ജന്മികുടിയാൻ കായ്ത്തെപറ്റി അന്വേഷിക്കുന്നതിന്നായി ഒരു ഗവമ്മെണ്ടു കമ്മിറ്റിയെ നിശ്ചയിപ്പാൻ അദ്ദേഹം ഗവമ്മെണ്ടിനോടു ആവശ്യപ്പെട്ടു. അതനുസരിച്ചു് ഗവമ്മെണ്ടു ഒരു കമ്മിറ്റിയെ നിശ്ചയിപ്പാൻ ആലോചിക്കുന്നതായും അറിയുന്നു. ജന്മികൾ ആവശ്യപ്പെടുക, ദിവാൻജി അതിന്നു "yes" വെയ്ക്കുക എന്ന തരത്തിലാണു് ഇപ്പോൾ നടന്നുവരുന്നതായി കാണുന്നതു്. ഗവമ്മെണ്ടിൽനിന്നു, ഈ കായ്ത്തിന്നായി ഒരു ഗവമ്മെണ്ടു കമ്മിറ്റിയെ നിശ്ചയിക്കുന്നതിന്നു നിയമസഭയുള്ളപ്പോൾ ആവശ്യമില്ലെന്നു ഇന്നത്തെ ദിവാൻജി തന്നെ ഫ്രാങ്ക്ഫർട്ടുകക്കടകം വർഷം ഈ സഭയിൽവെച്ചു് പ്രസ്താവിക്കയുണ്ടായിട്ടുണ്ടു്. എന്നാൽ ജന്മിപ്രതിനിധി ഒരു ഗവമ്മെണ്ടു് കമ്മിറ്റി വേണമെന്നു ആവശ്യപ്പെട്ടയുടനെതന്നെ മുൻനിശ്ചയങ്ങളെല്ലാം ദിവാൻജി മറന്നതുപോലെ തോന്നുന്നു. ഇതൊന്നും ശരിയല്ലെന്നു പറയണമെന്നില്ലല്ലൊ. കമ്മിറ്റിയെന്നും പറഞ്ഞ ഒരു ജന്മികമ്മിറ്റിയെ നിശ്ചയിച്ചു ജന്മികുടിയാൻ നിയമം കീഴ്മേൽ മറിക്കുന്നതിന്നുള്ള ശ്രമം അനുവദിക്കത്തക്കതല്ല. രാഘവയ്യാ കമ്മിറ്റിപോലെ ഒരു കമ്മിറ്റിയെ നിശ്ചയിപ്പാൻ കുടിയാന്മാർക്കു സമ്മതമില്ല. അങ്ങിനെയുള്ള ഒരു കമ്മിറ്റിയോടുകൂടി അവർ സഹകരിച്ചു പ്രവൃത്തിക്കുന്നതുമല്ല. ഒരു ഗവമ്മെണ്ടു കമ്മിറ്റിയെ നിശ്ചയിക്കാതെ, ഈ പ്രമേയത്തിൽ പറഞ്ഞപ്രകാരമുള്ള ഒരു കമ്മിറ്റിയെയാണു് നിശ്ചയിയിക്കേണ്ടതു്.

ഗവമ്മെണ്ടു നയവും പ്രവൃത്തിയും ഇരുപക്ഷമായിരിക്കെ ജന്മികുടിയാൻ കായ്ത്തെപറ്റി നിശ്ചയിക്കുന്ന കമ്മിറ്റിയിലെ അംഗങ്ങളെ നിശ്ചയിക്കുന്ന കായ്യം ശ്രമമായി ആലോചിക്കേണ്ടതാണു. ബ്രിട്ടീഷ് മലബാറിൽ ഒരു രാഘവയ്യാ കമ്മിറ്റി, അഥവാ ഒരു ജന്മിക്കമ്മിറ്റി, ഉണ്ടാക്കി ജനങ്ങളെ കളിപ്പിച്ചതുപോലെ നമ്മെയും കളിപ്പിക്കാതെയിരിപ്പാൻ, അതായതു കുടിയാന്മാരുടെ അവകാശാധികാരങ്ങളെ അവഗണിച്ചു പ്രവൃത്തിക്കുന്നതിന്നു ഇടയാകാതെയിരിപ്പാൻ, ഈ പ്രമേയം ഉപകരിക്കുന്നതാണു്

Rao Sahib Mr. T. V. Kasturi Ranga Ayyar.—That can be said, but not criticise the other Government.

Dr. A. G. Menon.—Can't we criticise? What objection is there to criticise some other committee ?

Rao Sahib Mr. T. V Kasturi Ranga Ayyar.—Provided it is relevant.

മിസ്റ്റർ കെ. ടി. മാത്യു.—ലോകത്തിൽ എല്ലാവർക്കും സുപരിചിതമായ ഈ കായ്യം ഇവിടെ പറയുവാൻ പാടില്ലെങ്കിൽ പിന്നെ ഏതു കായ്യമാണു ഇവിടെ പറയാവുന്നതു.?

Rao Sahib Mr. T. V. Kasturi Ranga Ayyar.—How can we infer that what was followed there will be followed here?

Dr. A. G. Menon.—That should not follow.

Rao Sahib Mr. T. V. Kasturi Ranga Ayyar.—Why do you presuppose?

മിസ്റ്റർ കെ. ററി. മാത്യു.—രാഘവയ്യാ കമ്മററി ഒരു ജന്മിക്കമ്മററിയാണെന്നും കുടിയാന്മാർ അതിനു് എതിരായ പ്രക്ഷോഭനം നടത്തിയെന്നും വർത്തമാനക്കടലാസ്സുകളിൽ പോലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു കാര്യം കൂടി ഇവിടെ പറയുവാൻ പാടില്ലെങ്കിൽ നാം കൂടിയിരിക്കുന്നതു് എന്തിനാണെന്നു് റെവന്യൂ മെംബരോടു ഞാൻ വീണ്ടും ചോദിക്കുന്നു. ബ്രിട്ടീഷു് മലബാറിലെ കുടിയാന്മാർ രാഘവയ്യാ കമ്മററിയെ ബായിക്കാട്ട ചെയ്തു അതായതു ബഹിഷ്കരിച്ചു. ആ സംഗതി മലബാറിൽ മാത്രമല്ല ഇൻഡ്യാമഹാരാജ്യം ഒട്ടുക്കും അതിനപ്പുറവും അറിവായതാണു്. അതുയും പരസ്യമായ സംഗതിക്കുടി ഈ സഭയിൽ പറയാൻ പാടില്ലെങ്കിൽ പിന്നെ എന്താണു് ഇവിടെ പറയുവാനുള്ളതു്? രഹസ്യം പറയുന്നതിനാണൊ ഈ സഭ? ഒരാൾ ഒരു സംഗതി പറയുവാൻ ആരംഭിച്ചാൽ അതിനെ തുടർന്നു പറയുവാൻപോകുന്നതു് എന്താണെന്നു് മനസ്സിലാക്കുന്നതിനു് മുമ്പെ, ഇടയ്ക്കു ചാടി വീണു് അതുവിടെ പറയരുതു്, ഇതുവിടെ പറയരുതു്, ബ്രിട്ടീഷു് മലബാർ കാര്യമാണു്, അതിനാൽ അതിനെപ്പററി ഒരക്ഷരംപോലും ശബ്ദിക്കരുതു് എന്ന കശപിശ കൂട്ടുന്നതിന്റെ രഹസ്യമെന്താണു്? ഗവമ്മേണ്ടു് ജന്മിപക്ഷമാണെന്നു തെളിയിക്കയായിരിക്കുമൊ?

ഞാൻ പിന്നീടു് തുടർന്നുപറയുവാനാരംഭിച്ചതു് കേൾക്കുവാൻ ക്ഷമ ഉണ്ടായിരുന്നുവെങ്കിൽ റെവന്യൂമെംബറിനു് ഈ അബദ്ധം പറകയില്ലായിരുന്നു എന്നാണു് ഞാൻ വിചാരിക്കുന്നതു്. ബ്രിട്ടീഷു് ഗവമ്മേണ്ടു് മലബാറിലെ ജന്മികുടിയാൻ കാര്യത്തിനായി ഒരു രാഘവയ്യാകമ്മററിയെ നിയമിച്ചു. അതിൽ ഭൂരിഭാഗവും ജന്മികക്ഷികളായിരുന്നു. കുടിയാന്മാർ ആ കമ്മററിയെ എതിർത്തു. അവരാരും കമ്മററിമുമ്പാകെ മൊഴി കൊടുക്കുവാൻ പോയില്ല. ആ കമ്മററിയുടെ റിപ്പോർട്ടു് വീണ്ടും അവിടെ വലിയ കുഴപ്പത്തിനു് കാരണമായിത്തീർന്നതിനാൽ കുടിയാൻ പ്രതിനിധികളും ജന്മി പ്രതിനിധികളുംകൂടി ഒരു റൌണ്ടു് ടേബിൾ കാൺഫറൻസ് നടത്തുവാൻ ആലോചന തുടങ്ങിയിരിക്കുന്നു. ഈ വക കുഴപ്പങ്ങൾ നമ്മുടെനാട്ടിലും ഉണ്ടാകാതെ സൂക്ഷിക്കണമെന്നു പറയുവാനാണു് ഞാൻ തുടങ്ങിയതു്. അക്കാര്യത്തിൽ റെവന്യൂമെംബരും എന്നോടു യോജിക്കാതിരിക്കയില്ലെന്നുവിശ്വസിക്കുന്നു. ഈ വക സംഗതികൾ ഇവിടെ പറയുവാൻ പാടില്ല, പിൻവലിക്കണം എന്നു പ്രസിഡെണ്ടു പറയുകയാണെങ്കിൽ ഞാൻ അതിനെപ്പററി അന്യസഹായംകൂടാതെ ആലോചിച്ചു. തീരുമാനിച്ചുകൊള്ളാം.

ഈ പ്രമേയം സ്വീകരിക്കുന്നതിനു് ഗവമ്മേണ്ടിനു് വലിയ വിരോധമൊന്നും ഉണ്ടാവുകയില്ലെന്നുള്ള പ്രതീക്ഷയോടുകൂടി ഈ പ്രമേയം സഭയുടെ ആലോചനക്കായി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. C. Barton Wright.—Mr. President, Sir, I beg to second this resolution. There is no denying the fact that the Bill introduced by the Hon'ble Member for Land-holders to amend the Cochin Tenancy Regulation has proved to be a veri-

LIBRARY ARCHIVES Kerala Legislative Assembly

table bone of contention and that ever since feelings have run very high in this State. The depth of feeling aroused may be gauged from the fact that the Tenancy question was made a very important issue in the last elections to this Council. It seems to me that there are some desirable features in the Jenmi Member's Bill and still more undesirable features. It is for the Government to ensure the first and ancient rights of the Jenmies and it is equally important for the Government to protect the just claims of the tenants who have contributed so much to the agricultural developments of the State. I do not refer merely to the *kanom* holders but also to the ordinary lease-holders or tenants-at-will. So what is required is a very comprehensive piece of legislation which would guarantee alike the due claims of the Jenmi and the *kanom* holder and the tenants-at-will and which will contribute to social stability and economic prosperity of our State. The appointment of a committee to gather evidence and make a draft Bill is a necessary spade-work that should be gone through. I think by doing this we shall only follow the footsteps of the Madras Government. I, therefore, support this resolution.

Deduty President.—There are two amendments. One is that of Dr. A. R. Menon.

